# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 57 02-12-2014-ൽ മറുപടിക്ക്

## കാലഹരണപ്പെട്ട നിയമങ്ങൾ

**ചോദ്യം**

ശ്രീ.കെ.എൻ.എ. ഖാദർ
ശ്രീ. എൻ.എ. നെല്ലിക്കുന്ന്
ശ്രീ. റ്റി.എ. അഹമ്മദ് കബീർ
ശ്രീ. സി. മോയിൻ കുട്ടി

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ, കാലഹരണപ്പെട്ടതും, അപ്രായോഗികവുമായ നിയമങ്ങൾ റദ്ദാക്കുന്നതിനും പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലനിൽക്കുന്ന കാലഹരണപ്പെട്ടതും, പ്രായോഗികമല്ലാത്തതും പൊതു താൽപര്യങ്ങൾക്ക വിരുദ്ധവുമായ നിയമങ്ങളെയും, വ്യവസ്ഥകളെയും കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ; | വിവര ശേഖരണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും 17-11-2007 –ൽ ജി.ഒ (എം.എസ്) നം.253/2007/നിയമം എന്ന സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായുള്ള ഒരു നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുകയും പ്രസ്തുത നിയമ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ കാലഹരണപ്പെട്ടതും ഇപ്പോൾ ആവശ്യമി ല്ലാത്തതുമായ 42 പ്രധാന ആക്റ്റുകളും 65 ഭേദഗതി ആക്റ്റുകളും റദ്ദാക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. അതിന്റെ ഒരു ലിസ്റ്റ് ഇതോടൊപ്പം സമർപ്പിക്കുന്നു. |

| | | |
|---|---|---|
| (സി) | ഇവയിൽ റദ്ദാക്കേണ്ടവ റദ്ദുചെയ്യുന്നതിനും, കാലാനുസൃത പരിഷ്കരണം വേണ്ടവ പരിഷ്കരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | ഇവയിൽ റദ്ദാക്കേണ്ടവ റദ്ദുചെയ്യുന്നതിനും കാലാനുസൃത പരിഷ്കരണം ആവശ്യപ്പെട്ടിട്ടുള്ളവ പരിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി അങ്ങനെ റദ്ദാക്കേണ്ട ആക്റ്റുകളെ സംബന്ധിച്ച് നിയമ വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതും മറുപടിയ്ക്കായി കാത്തിരിക്കുകയുമാണ്. നിശ്ചിത സമയപരിധിയ്ക്കകം മറുപടി ലഭിയ്ക്കാത്ത പക്ഷം കരട് ബിൽ അംഗീകരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ